**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2723** **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന ഭൂപ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീമതി കെ. കെ. രമ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന ഭൂപ്രശ്നം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ഉണ്ട്.**<br><br>**പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ലൈഫ് മിഷൻ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം പരിശോധിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിനായി 3,75,000/- രൂപയും മുനിസിപ്പാലിറ്റിയിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിനായി 4,50,000/- രൂപയും കോർപ്പറേഷനിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിനായി 6,00,000/- രൂപയും ധനസഹായ തുകയായി അനുവദിക്കുന്നു.**<br><br>**ഭൂരഹിത പുനരധിവാസ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഉതകുന്ന തരത്തിൽ കാലാനുസൃതമായ വ്യവസ്ഥകളും ഭേദഗതികളും ഉൾപ്പെടുത്തി സമഗ്ര ഏകീകൃത ഉത്തരവ് സ.ഉ.(കൈ) നം. 13/2023/ പജപവവിവ തീയതി 23.05.2023 പുറപ്പെടുവിച്ചിട്ടുണ്ട്.**<br><br>**ലൈഫ് മിഷൻ ഭൂരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനവുമുള്ള പട്ടികജാതി കുടുംബങ്ങളുടെ അർഹത പരിശോധിച്ച് സമയബന്ധിതമായി ധനസഹായം അനുവദിച്ചു വരുന്നു.**<br><br>**സംസ്ഥാനത്ത് 5556 പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിൽ ഭൂരഹിതരായി ഉണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമ പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ** |

| | | | |
|---|---|---|---|
| | | | വികസന മിഷൻ മുഖേനയും റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂമി ലഭ്യമാക്കുന്നു. അതിദരിദ്രപട്ടികയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗക്കാരിൽ ഭൂമിയും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം അനുവദിക്കുന്നു. ലൈഫ് മിഷൻ മുഖേനയും ഭൂമിയ്ക്കും വീടിനുമായി ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ ലക്ഷ്യം കാണാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ലൈഫ് മിഷൻ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ അർഹതാമാനദണ്ഡം പരിശോധിച്ചും ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിനായി 3,75,000/- രൂപയും മുനിസിപ്പാലിറ്റിയിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിനായി 4,50,000/- രൂപയും കോർപ്പറേഷനിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിനായി 6,00,000/- രൂപയും ധനസഹായ തുകയായി അനുവദിക്കുന്നു. ഭൂരഹിത പുനരധിവാസ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് കാലാനുസൃതമായ വ്യവസ്ഥകളും ഭേദഗതികളും ഉൾപ്പെടുത്തി സമഗ്ര ഏകീകൃത ഉത്തരവ് സ.ഉ.(കൈ)നം.13/2023/പജപവവിവ തീയതി 23.05.2023 പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ലൈഫ് മിഷൻ ഭൂരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനവുമുള്ള പട്ടികജാതി കുടുംബങ്ങളുടെ അർഹത പരിശോധിച്ച് സമയബന്ധിതമായി ധനസഹായം അനുവദിച്ച് വരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വനാവകാശ നിയമ പ്രകാരം 3126 പട്ടികവർഗ്ഗക്കാർക്ക് 4224.55 ഏക്കർ ഭൂമിയ്ക്ക് കൈവശാവകാശരേഖ വിതരണം ചെയ്തു, 27 പേർക്ക് 20.98 ഏക്കർ റവന്യൂ ഭൂമി വിതരണം ചെയ്തു, നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 718 പേർക്ക് 243.80 ഏക്കർ ഭൂമി വിതരണം ചെയ്തു, ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 314 പേർക്ക് 62.86 ഏക്കർ ഭൂമി വിതരണം ചെയ്തു. ഇത്തരത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ആകെ 4185 പേർക്ക് 4552.19 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതികൾ ലക്ഷ്യം കാണാത്തതായി വിലയിരുത്തപ്പെട്ടിട്ടില്ല.<br><br>ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. എങ്കിലും ഭൂമിയുടെ ലഭ്യതയനുസരിച്ച് ഭൂരഹിത കുടുംബങ്ങൾക്ക് പരമാവധി ഭൂമി അനുവദിക്കുന്ന നടപടികളാണ് സ്വീകരിച്ച് വരുന്നത്.<br><br>ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ അനുവദിക്കുന്ന ഭൂമി ഭൂരഹിതർ താമസിക്കുന്ന ഉന്നതികളിൽ നിന്നും വളരെ അകലെയായാൽ ഭൂമി ഏറ്റെടുക്കുന്നതിന് ചില കുടുംബങ്ങൾ വിമുഖത പ്രകടിപ്പിക്കാറുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള ലാന്റ് ബാങ്ക് പദ്ധതി ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളും നിലനിർത്തിക്കൊണ്ട് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നതിന് സ.ഉ.(കൈ) നം. 44/2025/SCSTD തീയതി 10.11.2025, സ.ഉ.(കൈ) നം. 49/2025/SCSTD തീയതി 24.12.2025 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭൂമി അവർക്ക് തന്നെ ലഭിക്കുന്നുവെന്നും അത് അന്യാധീനപ്പെട്ടുത്തുന്നില്ലായെന്നും ഉറപ്പാക്കുന്നതിന് സോഷ്യൽ ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പിന്റെ നിലവിലുള്ള പദ്ധതി പ്രകാരം അപേക്ഷകൻ/അപേക്ഷക തന്നെ ഭൂമി കണ്ടെത്തി, ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ ഭൂമി വാസയോഗ്യമാണെന്ന് ഉറപ്പുവരുത്തി, അനുവദിക്കുന്ന ഭൂമി അനന്തരാവകാശികൾക്കല്ലാതെ മറ്റാർക്കും കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥയോടു കൂടി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി, രേഖകൾ സമർപ്പിച്ച ശേഷം മാത്രമാണ് ഭൂവുടമയുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിക്കുന്നത്.<br><br>1999 ലെ കെ.എസ്.റ്റി. ആക്ട് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഭൂമിയുടെ അവകാശം സംരക്ഷിക്കുന്നതിനായി ഭൂമി കൈമാറ്റം നിയന്ത്രിക്കുവാനും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ